HSE I

Part II

# മലയാളം.

Total score : 80

Time : 2½Hours
Cool-off time : 15 Minute

---

**I.ഒന്നു മുതൽ അഞ്ചു വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക.** ( 4×2=8)

1. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന ലേഖനത്തിൽ പരാമർശിക്കുന്ന അരുണാചലത്തിന് യോജിക്കുന്ന വിശേഷണങ്ങൾ തിരഞ്ഞെടുത്തെഴുതുക

എ. എപ്പോഴും വേരുകൾ ചവച്ചു കൊണ്ടിരിക്കുന്ന മനുഷ്യൻ
ബി. ഉൾക്കാടുകളിൽ കിടന്നുറങ്ങാൻ ചീനി മരച്ചോട് തിരഞ്ഞെടുക്കുന്ന മനുഷ്യൻ
സി. വേരുകളിൽ ഒളിഞ്ഞിരിക്കുന്ന ഔഷധ മൂല്യമറിയുന്ന മൂപ്പൻ
ഡി. വേരുകളിലൂടെ ജീവിതം തിരിച്ചുപിടിക്കുന്ന മനുഷ്യൻ

2. കെ ആർ മീരയുടെ 'ഓർമ്മയുടെ ഞരമ്പ്' എന്ന ചെറുകഥയിലെ പത്മാക്ഷി എന്ന കഥാപാത്രത്തിന് വൃദ്ധയോടുള്ള മനോഭാവത്തിൽ താഴെപ്പറയുന്നവയിൽ യോജിക്കാത്തവ ഏത്?
എ. നിന്ദ
ബി. പരിഹാസം
സി. സഹാനുഭൂതി
ഡി. ആദരവ്

3. സൈക്കിൾ മോഷ്ടാക്കൾ എന്ന സിനിമ കൈകാര്യം ചെയ്യുന്ന സാമൂഹിക പ്രശ്നങ്ങൾ ഏവ?
എ . ദാരിദ്ര്യം
ബി. സിനിമാ മോഹം
സി. തൊഴിലില്ലായ്മ
ഡി. ഉപഭോഗ സംസ്കാരം

4. "ഏറിയ ദുഃഖത്തിലും ജീവിതോല്ലാസത്തിന്റെ വേരുറപ്പിവിടപ്പോൽ കാണുമോ വേറെങ്ങാനും" ഈ വരിയുടെ ആശയ തലവുമായി യോജിക്കാത്ത പ്രസ്താവനകൾ കണ്ടെത്തുക

എ.  ഗ്രാമീണ ജീവിതത്തിന്റെ സൗന്ദര്യം ആവിഷ്കരിക്കുന്നു
ബി. നാഗരികതയുടെ സവിശേഷത വർണ്ണിക്കുന്നു
സി. മനുഷ്യജീവിതത്തെ ക്കുറിച്ചുള്ള പ്രത്യാശ പങ്കുവെക്കുന്നു
ഡി. മനുഷ്യൻറെ സ്വാർത്ഥതയെ വിമർശിക്കുന്നു

5. മുഹിയുദ്ദീൻ മാല എന്ന മാപ്പിളപ്പാട്ട് കൃതിക്ക് യോജിക്കുന്ന വിശേഷണങ്ങൾ തിരഞ്ഞെടുത്ത് എഴുതുക

എ. ആദ്യ മാപ്പിളപ്പാട്ട് കൃതി
ബി. കാലം കൃത്യമായി രേഖപ്പെടുത്തിയ ആദ്യത്തെ മാപ്പിളപ്പാട്ട് കൃതി
സി. ഖാസി മുഹമ്മദ് രചിച്ച മാപ്പിളപ്പാട്ട് കൃതി
ഡി. പടപ്പാട്ട് വിഭാഗത്തിൽ ഉൾപ്പെടുന്ന കൃതി

**II. 6 മുതൽ മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക 3×2=6)**

6. അനുകമ്പാദശകം എന്ന കൃതിയിൽ കാരുണ്യമില്ലാത്ത മനുഷ്യനെ കുറിക്കാൻ ശ്രീനാരായണഗുരു ഉപയോഗിച്ച വിശേഷണങ്ങൾ ഏതെല്ലാം?

7. മത്സ്യത്തിന്റെ അതിജീവനത്തെ പരാമർശിക്കുന്ന രണ്ട് സൂചനകൾ കവിതയിൽ നിന്ന് കണ്ടെത്തുക

8. "വെറുതെ ഞാനെന്തിനെരിയും വെയിലത്ത്
കയിലും കുത്തി നടക്ക്ണ് "
കായലരികത്ത് എന്ന ചലച്ചിത്ര ഗാനത്തിലെ പ്രസ്തുത വരികളുടെ സവിശേഷതകൾ രണ്ട് സൂചനകളായി എഴുതുക

9 സുഖം ഒരു മാരകമായ ലഹരിയാണെന്ന് മിസ്സിസ് നായർക്ക് തോന്നി. അതിൽ നിന്നും അത്രവേഗം മോചനമില്ല തങ്കം നായർ ഇങ്ങനെ ചിന്തിക്കാൻ ഉണ്ടായ സാഹചര്യം എന്ത്?

**III. 10 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ( 5×4=20)**

10. " ഏതായാലും അമ്മയുടെ ഓപ്പറേഷന് വെറും സർജിക്കലായ ഉള്ളടക്കം അല്ല ഉള്ളത് എന്ന് ഞാൻ മനസ്സിലാക്കിക്കഴിഞ്ഞു" ഡോക്ടർ ആയ മകൻ എന്താണ് മനസ്സിലാക്കിയത്?

11. അനർഘ നിമിഷത്തിൽ ബഷീർ സംവദിക്കുന്ന അജ്ഞാതനായ 'നീ' നൽകുന്ന അർത്ഥതലങ്ങൾ എന്തൊക്കെയാണ്?

12. സാമൂഹിക സാഹചര്യങ്ങളാണ് മനുഷ്യരെ കുറ്റവാളികൾ ആക്കുന്നത് എന്ന ആശയം വിക്ടോറിയ ഡിസിക്കയുടെ സൈക്കിൾ മോഷ്ടാക്കളിൽ
പങ്കുവെക്കുന്നുണ്ടോ? അഭിപ്രായം വ്യക്തമാക്കുക.

13. പരിസ്ഥതിയെയും വികസനത്തെയും കുറിച്ച് എന്ത് കാഴ്ചപ്പാടാണ് കേൾക്കുന്നുണ്ടോ എന്ന് ഡോക്യുമെൻററി മുന്നോട്ട് വയ്ക്കുന്നത് ?

14. റോഡിനുമധ്യേ പിടിപ്പിച്ച വർണ്ണച്ചെടികൾക്ക് പകരം നാട്ടു വൃക്ഷങ്ങൾ ആയിരുന്നു വേണ്ടിയിരുന്നത് എന്ന നസീറിന്റെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? പ്രതികരണ കുറിപ്പ് തയ്യാറാക്കുക

15. ചില നിമിഷത്തിലേകാകിയാംപ്രാണൻ അലയും അർത്ഥനായി ഭൂദായനങ്ങളിൽ കവിയുടെ ഏത് അവസ്ഥയാണ് ഈ വരികളിൽ അവതരിപ്പിക്കുന്നത് വിശദീകരിക്കുക

16. ഇതൊക്കെ യാണെങ്കിലും പലതരം ഗന്ധങ്ങൾ നിറഞ്ഞ ഈ മുറി അവൾക്ക് ഇഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു ഈ വീട്ടിലെ ഏറ്റവും വായു സഞ്ചാരമുള്ള മുറി ഇതാണെന്ന് പെൺകുട്ടി വിചാരിച്ചു വൃദ്ധയുടെ വ്യക്തിത്വം പെൺകുട്ടി തിരിച്ചറിഞ്ഞതിനെ കുറിച്ച് സൂചിപ്പിക്കുന്നവയല്ലേ ഈ വാക്യങ്ങൾ കഥാസന്ദർഭത്തെ മുൻനിർത്തി വിശദീകരിക്കുക

**iv. 17 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഒരു പുറത്തിൽകവിയാതെ ഉത്തരം എഴുതുക. (3 ×6 =18)**

17 . ബൈസിക്കിൾസ് എന്ന സിനിമയിൽ ആൾക്കൂട്ടം പ്രധാന കഥാപാത്രം ആകുന്നതെങ്ങനെ? വിശദമാക്കുക

18 . കൂടിയല്ലാ ജനിക്കുന്ന നേരത്തും കൂടിയല്ലാമരിക്കുന്ന നേരത്തും 'ഈ വരികളുടെ ആശയം തന്നെയാണോ ബഷീറിൻ്റെ വന്നതുപോലെതന്നെ ഞാൻ തനിയെ പോകയാണ് ഈ വരികളിലും കാണുന്നത് വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക

19. ഗഹനമായ ആശയങ്ങൾ ലളിതമായ ഭാഷയിലും ഹൃദ്യമായ ശൈലിയിലും ആണ് മുഹിയുദ്ദീൻ മാലയിൽ അവതരിപ്പിച്ചിരിക്കുന്നത് ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഉദാഹരണസഹിതം സമർത്ഥിക്കുക

20. മൗനം കുടിച്ചിരിക്കുന്നു മിഴികളിൽ നമ്മൾ നഷ്ടപ്പെടുന്നുവോ തൊണ്ടയിൽ പിടയുകയാണ് രേകാന്തരോദനം ഈ പ്രയോഗങ്ങൾ സന്ദർഭോചിതമായ സന്ദർഭോചിതമായാണോ സന്ദർശനം എന്ന കവിതയിൽ അവതരിപ്പിച്ചിരിക്കുന്നത്? സമർത്ഥിക്കുക

21. 'പുറപ്പെട്ടേടത്താണ് ഒരായിരം കാതമവൾ നടന്നിട്ടും' സ്ത്രീയുടെ ജീവിതയാത്രയുടെ ചരിത്രമാണ് ഈ വരികളിൽ സംഗ്രഹിച്ചിരിക്കുന്നത്: വിശകലനങ്ങൾ അവതരിപ്പിക്കുക

**V. താഴെക്കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച്22 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (3x2=6)**

"പനിക്കിടക്കയിൽ മുഖത്തോടു
മുഖം നോക്കിയിരുന്നപ്പോൾ ആ
പഴയ നാളുകളെക്കുറിച്ച് നീ
പിന്നെയുംഓർമ്മിപ്പിച്ചു
വീട്, കുഞ്ഞുങ്ങൾ, ആദ്യകാല
സ്വപ്നങ്ങളുടെ അസ്ഫുട മർമ്മരം
പക്ഷേ ഞാൻ പറഞ്ഞു
നിർത്ത് ആ ആ പഴയ പ്രണയകഥ
ഇത് ദുരിതങ്ങളുടെയും
പടക്കോപ്പുകളുടെയും കാലം
നീയൊരു തന്നിഷ്ടക്കാരനാണ്,
ക്രൂരതയിൽ കൊമ്പുമുളച്ച
കണ്ണുനെരിപ്പോടാക്കി
കറ പിറ എഴുതുന്ന ഒരു താന്തോന്നിയാണ് ,
അതെ നീയാണ് ഏറ്റവും നല്ല വിധികർത്താവ്
എൻറെ കുട്ടികൾ എന്നെ വെറുക്കും
നോക്ക് അറിഞ്ഞൊന്നു നടിച്ചവർ
നടിക്കാൻ മാത്രം അറിയുന്നവർ ആയിരുന്നു
എല്ലാറ്റിനും മനുഷ്യർക്കും മരങ്ങൾക്കും നദികൾക്കും എല്ലാം."

22. പനിക്കിടക്കയിൽ മുഖത്തോട് മുഖം നോക്കിയിരുന്നപ്പോൾ ഓർമ്മിച്ചെടുത്ത കാര്യങ്ങൾ എന്തെല്ലാം?

23. വർത്തമാനകാലത്തെ കുറിച്ച് ഈ കവിതയിൽ എന്താണ് പറയുന്നത്?

24. അറിഞ്ഞെന്നു നടിച്ചവർ എങ്ങനെയുള്ളവരായിരുന്നു എന്നാണ് കവി പറയുന്നത്?

**VI. 25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നര പുറത്തിൽ കവിയാതെ ഉത്തരം എഴുതുക (2×8 =16)**

25 . 'ഉയിരിൻ കൊല കുടുക്കാക്കാവും കയറിനെ യുഴിഞ്ഞാലാക്കി തീർക്കാൻ കഴിഞ്ഞതല്ലേ ജയം ' ആത്മഹത്യാ പ്രവണതകൾ വർദ്ധിച്ചുവരുന്ന വർത്തമാനകാല സമൂഹത്തിൽ

വൈലോപ്പിള്ളിയുടെ ഈ വരികൾക്കുള്ള പ്രസക്തി വ്യക്തമാക്കി ഉപന്യാസം തയ്യാറാക്കുക

26 . സ്ത്രീ വിമോചനത്തിന്റെ അടിസ്ഥാന ദർശനങ്ങളെ അത്യന്തം ലളിതമായി ആവിഷ്കരിക്കുന്ന ചെറുകഥയാണ് ഓർമ്മയുടെ ഞരമ്പ് നിങ്ങളുടെ അഭിപ്രായം സമർപ്പിക്കുക

27 . വ്യത്യസ്ത കാലഘട്ടങ്ങളിലെ എഴുത്തുകാർ മാതൃസ്നേഹത്തെ ആവിഷ്കരിക്കുന്നത് വ്യത്യസ്ത രീതികളിലാണ് ശസ്ത്രക്രിയ , പീലി കണ്ണുകൾ എന്നീ പാഠഭാഗങ്ങളെ ആസ്പദമാക്കി ഈ അഭിപ്രായം വിലയിരുത്തുക

## DRG Members

1. SALINI P
HSST MALAYALAM
PEN 450605
GHSSKaruvarakundu
(11027)

2. BENAZEER A
HSST MALAYALAM
PEN 744942
GGHSS WANDOOR (11145)

## Group 1

DEEPTHI MP
PEN451626
HSST MALAYALAM
GVHSS KIZHUPARAMBA
(11131) AREEKODE

RASIYA A
MESHSS MAMPAD
(11073)
PEN 342999

SOFIYA B
617009 PEN
HSST MALAYALAM
GHSS PORUR (11146)

SHIJI P K
931591 PEN
HSST MALAYALAM
SULLAMUSSALAM ORIENTAL HIGHER SECONDARY SCHOOL AREEKODE
(11242)

REKHAMOLE .K
847929  PEN
HSST MALAYALAM
KMHSS KARULAI (11218)

SARITHA VC
827263 PEN
HSST MALAYALAM
GOVT. VMC HSS WANDOOR (11007)

RAJILA MT
HSST MALAYALAM
PEN 812209
GHSS ERANHIMANGAD
(11151)

LOVELY. N.B
HSST MALAYALAM
GHSS EDAKKARA
(11137)
PEN 643130

SUMA
DARUNNAJATH HIGHER SECONDARY SCHOOL
KARUVARAKUNDU

BEENA P
HSST MALAYALAM
PEN 345984
NHSS NAROKKAVU (11227)

VANISHA VALSAN
HSST Jr MALAYALAM
PEN 837281
GHSS ERANHIMANGAD (11151)

SAUMYA MELEPPURAKKAL
GHSS AREEKODE (11019)